**പതിനാലാം കേരള നിയമസഭ**

**നാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1336 — 02-03-2017 -ൽ മറുപടിക്ക്

**പുഞ്ച കർഷകർക്കുള്ള പമ്പിംഗ് സബ്സിഡി**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.മോൻസ് ജോസഫ്** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | കോട്ടയം ജില്ലയിൽ വൈക്കം താലൂക്കിൽ പുഞ്ചക്കൃഷി ചെയ്തിരുന്ന കർഷകർക്ക് പമ്പിംഗ് സബ്സിഡി ലഭിക്കാത്തതായ പരാതി പരിഹരിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ഏത് വർഷം വരെയുള്ള സബ്സിഡി നൽകി എന്നും ബാക്കിയുള്ളവ എന്ന് നൽകും എന്നും അറിയിക്കാമോ; | എ) | കൃഷി വകുപ്പിൽ നിന്നും ലാന്റ് റവന്യൂ കമ്മീഷണറേറ്റ് മുഖേന "2702-01-800 88 33" എന്ന ശീർഷകത്തിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്കാണ് കോട്ടയം പുഞ്ച കൃഷി ഓഫീസിൽ നിന്നും കർഷകർക്ക് പമ്പിംഗ് സബ്സിഡി നൽകി വരുന്നത്. നാളിതുവരെ പ്രസ്തുത ശീർഷകത്തിൽ 1.5 കോടി രൂപ ലഭിച്ചിരുന്നതിൽ 1,49,98,039/- രൂപ (99.98%) കോട്ടയം, വൈക്കം, ചങ്ങനാശ്ശേരി താലൂക്കുകളിലെ 117 പാടശേഖരങ്ങളിലെ കർഷകർക്ക് പമ്പിംഗ് സബ്സിഡിയായി അനുവദിച്ചിട്ടുള്ളതാണ്. പമ്പിംഗ് സബ്സിഡിയ്ക്കായുള്ള ക്ലെയിം (ബി ഫോറം) നിശ്ചിത രേഖകൾ സഹിതം പുഞ്ച കൃഷി ഓഫീസിൽ ലഭിക്കുന്ന മുറയ്ക്ക് സീനിയോരിറ്റി അനുസരിച്ച് സബ്സിഡി നൽകി വരുന്നു. ഇത് പ്രകാരം 12/07/2016 വരെ പ്രസ്തുത ഓഫീസിൽ ലഭിച്ചിരുന്ന സാധുവായ ക്ലെയിമുകൾക്ക് പമ്പിംഗ് സബ്സിഡി നൽകിയിട്ടുള്ളതാണ്. |
| ബി) | പ്രസ്തുത വിഷയത്തിൽ ശ്രീ. കെ.ടി തോമസ് ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്മേൽ 1708/2016/ആർ.ഡി. -കെ നമ്പർ ഫയലിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | ബി) & സി) | ശ്രീ. കെ.ടി തോമസ് ബഹു. റവന്യൂ വകുപ്പ് മന്ത്രിക്ക് നൽകിയ പരാതിയിൽ കോട്ടയം ജില്ലയിലെ പുഞ്ച കൃഷി പാടശേഖരത്തിൽ പമ്പിംഗ് സബ്സിഡി അനുവദിക്കുന്നതിനായി, സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡ പ്രകാരമുള്ള അനുവദനീയമായ തുക കണ്ടെത്തി പ്രസ്തുത വിവരം റിപ്പോർട്ട് ചെയ്യുന്നതിനായി 13.01.2017 തീയതിയിലെ റവ-കെ4/17/2017-റവ എന്ന കത്ത് മുഖാന്തിരം കോട്ടയം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| സി) | പ്രസ്തുത പരാതിയ്ക്ക് പരിഹാരം കാണുവാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ? | | |

സെക്ഷൻ ഓഫീസർ